**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2592** **23-02-2026 - ൽ മറുപടിയ്ക്ക്**

**ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ബില്ല്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ബില്ല് തയ്യാറാക്കുന്നതിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗത്തിന്റെ ബില്ലുകൾ നൽകിവരുന്നത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ചട്ടങ്ങൾ പ്രകാരവും, റെഗുലേറ്ററി കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള 05.12.2024-ലെ താരിഫ് ഉത്തരവ് പ്രകാരവുമാണ്. ഇതിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്താൻ നിലവിൽ ഉദ്ദേശിക്കുന്നില്ല. |
| (ബി) | സർചാർജ്ജായി ഓരോ ഉപഭോക്താവിൽ നിന്നും എത്ര രൂപ വീതമാണ് ഈടാക്കി വരുന്നത്; ഇതിന് സ്ലാബ് നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | വൈദ്യുതി ബിൽ തുക, യഥാസമയം ഒടുക്കാതിരിക്കുന്ന ഉപഭോക്താക്കളിൽ നിന്നാണ് സർചാർജ്ജ് ഈടാക്കുന്നത്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ്- 2014 ചട്ടങ്ങൾ പ്രകാരവും അതിൽ വരുത്തിയിട്ടുള്ള ഭേദഗതി ചട്ടങ്ങൾ പ്രകാരവുമാണ് ആയത് ഈടാക്കുന്നത്. വൈദ്യുതി ചാർജ്ജ് പിഴ കൂടാതെ അടയ്ക്കുന്നതിന് ബില്ലിൽ രേഖപ്പെടുത്തിയ തീയതി (due date) യുടെ തൊട്ടടുത്ത ദിവസം മുതൽ 30 ദിവസം വരെ 12% വാർഷിക പലിശ നിരക്കിലും (മുടക്കം വരുത്തുന്ന ദിവസങ്ങൾക്ക് മാത്രം) 30 ദിവസത്തിന് ശേഷം 18% വാർഷിക പലിശ നിരക്കിലുമാണ് (due date -ന് അടുത്ത ദിവസം മുതൽ) കുടിശ്ശിക തുക അടക്കുന്ന ദിവസം വരെ സർചാർജ്ജ് കണക്കാക്കുന്നതായി കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുള്ളത്.<br><br>2024-25 ലെ ആഡിറ്റ് ചെയ്ത കണക്ക് പ്രകാരം ഉപഭോക്താക്കളിൽ നിന്നും ലഭിച്ച ഇന്ധന സർചാർജ്ജിന്റെ കണക്ക് **അനുബന്ധമായി** ചേർത്തിട്ടുണ്ട്.<br><br>ബിൽ തുക വൈകി അടയ്ക്കുന്ന വകയിൽ ലഭിച്ച സർചാർജ്ജ് (പലിശയിനം) തുക (2024-25) - |

| | | | |
|---|---|---|---|
| | | | 185.47 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2024-25 ലെ ആഡിറ്റ് ചെയ്ത കണക്ക് പ്രകാരം ഉപഭോക്താക്കളിൽ നിന്നും ലഭിച്ച ഇന്ധന സർചാർജ്ജിന്റെ കണക്ക്

തുക (രൂപയിൽ)

| | |
|---|---|
| Domestic | 238,76,77,038.72 |
| Commercial | 85,47,14,803.79 |
| Public lighting | 6,45,93,922.00 |
| Irrigation & Dewatering | 714,87,430.25 |
| Public Water Works | 10,36,41,536.04 |
| Industrial | 20,41,01,427.65 |
| Railway Traction | 7,87,27,846.00 |
| Bulk Supply | 11,60,74,049.02 |
| HT | 19,87,89,070.51 |
| EHT | 73,33,80,625.88 |
| **Total** | **481,31,87,749.86** |

സെക്ഷൻ ഓഫീസർ